# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>മാലിന്യനിർമ്മാർജ്ജനം</u>

1522 ശ്രീ. പി. ബി. അബ്ദുൾ റസാക്
'' എൻ. ഷംസുദ്ദീൻ
'' പി. ഉബൈദുള്ള
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനകാര്യത്തിൽ സ്വീകരിക്കുന്ന നടപടികളോട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹകരിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ത്രിതല ഭരണ സംവിധാനത്തിൽ മാലിന്യ നിർമ്മാർജ്ജനം ഏത ഭരണ സംവിധാനത്തിന്റെ ചുമതലയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി കഴിഞ്ഞ അഞ്ചുവർഷത്തിനിടെ എന്തു തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും ഓരോ നഗരസഭയ്ക്കും എന്തുതുക നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) ആവശ്യമായ പദ്ധതികൾക്ക് പണം നൽകിയിട്ടും, മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാത്ത നഗരസഭകൾക്കെതിരെ നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ അതുപ്രകാരം നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ മാലിന്യ പ്രശ്നം</u>

1523 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം നഗരങ്ങളിൽ മാലിന്യ പ്രശ്നം പരിഹരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

മൊബൈൽ ഇൻസിനറേറ്ററുകൾ വാങ്ങുന്ന നടപടി

1524 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യസംസ്ക്കരണത്തിനുള്ള മൊബൈൽ ഇൻസിനറേറ്ററുകൾ വാങ്ങുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് ഏത് ഏജൻസി വഴി വാങ്ങുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളത് ;

(സി) സംസ്ഥാനത്തെ ശുചിത്വമിഷനെ ഒഴിവാക്കി ഇത്തരത്തിൽ ഒരു ഉത്തരവ് നൽകാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>ആധുനിക മാലിന്യ പ്ലാന്റുകൾ</u>

1525 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' ഐ.സി. ബാലകൃഷ്ണൻ
'' പാലോട് രവി
'' എം.എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്ലാന്റുകളുടെ സവിശേഷതകൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അവയുടെ ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) പ്രസ്തുത പ്ലാന്റുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(എ) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>മാലിന്യസംസ്ക്കരണവും ഇൻസിനറേറ്ററും</u>

1526 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
" എ. പ്രദീപ്കുമാർ
" സി. കൃഷ്ണൻ
" സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്ക്കരണ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇൻസിനറേറ്റർ വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി എത്ര ഇൻസിനറേറ്റർ ആവശ്യമുണ്ട്; ഇതിനകം വാങ്ങിയ ഇൻസിനറേറ്ററിന്റെ പ്രവർത്തനക്ഷമതയും ഗുണനിലവാരവും വിലയും സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) മാലിന്യ നിർമ്മാർജ്ജന രംഗത്ത് പ്രവർത്തിച്ചുവരുന്ന ശുചിത്വമിഷൻ ഇതിനായി വിളിച്ച ആഗോള ടെൻഡർ പിന്നീട് റദ്ദാക്കിയത് എന്തുകൊണ്ടാണ്;

(ഡി) ശുചിത്വമിഷനേയും ആഗോള ടെൻഡറും ഒഴിവാക്കി ഇൻസിനറേറ്റർ വാങ്ങാൻ സിഡ്കോയെ ചുമതലപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ടെൻഡറും സ്റ്റോർ പർച്ചേസ് മാന്വലും അനുസരിച്ച് ഇൻസിനറേറ്റർ വാങ്ങാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>ആധുനിക മാലിന്യസംസ്ക്കരണ പ്ലാന്റുകൾ</u>

1527 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും ആധുനിക മാലിന്യസംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ആദ്യഘട്ടത്തിൽ ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പിലാക്കുന്നത് ; വിശദവിവരം നൽകുമോ ;

(സി) ഫ്ളാറ്റുകളിൽ മാലിന്യസംസ്ക്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>ഖരമാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം</u>

1528

ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പാക്കിയ ചവർ സംസ്കരണ സംവിധാനങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ ചവർ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

മാലിന്യ സംസ്കരണ കമ്പനി രൂപീകരണം

1529 ശ്രീ. ബെന്നി ബെഹനാൻ
'' അൻവർ സാദത്ത്
'' എം. പി. വിൻസെന്റ്
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച് വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) കമ്പനിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നത്?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>യുദ്ധകാലാടിസ്ഥാനത്തിൽ മാലിന്യ</u>
<u>സംസ്ക്കരണത്തിന് നടപടി</u>

1530 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണ പ്രശ്നം പരിഹരിക്കപ്പെടാത്തതു കാരണം കൊതുക്, ഈച്ച, എലി തുടങ്ങിയ ജീവികൾ മൂലമുള്ള രോഗങ്ങൾ പടർന്ന്പിടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി പദ്ധതികൾ മാലിന്യ സംസ്കരണത്തിനായി പ്രഖ്യാപിച്ചുവെങ്കിലും ഒന്നുപോലും പ്രാവർത്തികമായിട്ടില്ലാത്ത സാഹചര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ മാലിന്യ സംസ്കരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

തിരുവനന്തപുരം നഗരത്തിലെ മാലിന്യ പ്രശ്നം

1531 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നയം രൂപീകരിച്ചിട്ടുണ്ടോ ;

(സി) തിരുവനന്തപുരം നഗരത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; എന്നത്തേക്ക് ഇത് പരിഹരിയ്ക്കാനാകും ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>കോർപ്പറേഷനുകളിലെ മാലിന്യ സംസ്കരണം</u>

1532 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലെ മാലിന്യ സംസ്കരണത്തിനായി ആധുനിക രീതിയിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**14.12.2012-ലെ മറുപടിക്ക്**

<u>വിളപ്പിൽശാലയിലെ മാലിന്യ സംസ്കരണ ഫാക്ടറി</u>

1533 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിളപ്പിൽശാലയിലെ മാലിന്യ സംസ്കരണ ഫാക്ടറി തുറന്ന് പ്രവർത്തിപ്പിച്ച് ദിനംപ്രതി തൊണ്ണൂറ് ടൺ മാലിന്യം സംസ്കരിക്കണമെന്നുളള ബഹു: സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</u>

1534 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായുളള 'അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി' നിലവിലുണ്ടോ;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ എത്ര രൂപ പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>കെ. എസ്. യു. ഡി. പി.</u>

1535 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിൽ കെ. എസ്. യു. ഡി. പി. പ്രകാരം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എന്ത് തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രവൃത്തികളുടെ പേരും, എസ്റ്റിമേറ്റ് തുകയും വിശദമാക്കുമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

മാലിന്യ സംസ്കരണ സംവിധാനം

1536 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ചാലക്കുടി മുനിസിപ്പാലിറ്റി വാങ്ങിയ സ്ഥലത്ത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശത്തിനു വിരുദ്ധമായി മുനിസിപ്പാലിറ്റി വൻതോതിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി മുനിസിപ്പൽ അതിർത്തിയിൽ പകർച്ചപ്പനി വ്യാപകമായി പടർന്നു പിടിച്ച സാഹചര്യത്തിൽ, പ്രസ്തുത സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനും, ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>അങ്കമാലി നഗരസഭയിലെ മാലിന്യ പ്രശ്നം</u>

1537 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗര കാര്യവും ന്യൂനപക്ഷവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നഗരസഭയിലും പരിസരപ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി ഉറവിട മാലിന്യസംസ്ക്കരണ സംവിധാനം നടപ്പിലാക്കുന്നതിനായി 17 ലക്ഷം രൂപ അനുവദിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വിശദീകരിക്കാമോ ;

(സി) പ്രസ്തുത സംവിധാന പ്രകാരമുള്ള ബയോഗ്യാസ് പ്ലാന്റുകളും പൈപ്പ് കമ്പോസ്റ്റിംഗ് സംവിധാനവും വാർഡ് തലത്തിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ടോ ;ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക്</u>

1538 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നഗരത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി 11.7.2011 ൽ ചേർന്ന ട്രാഫിക് അഡ്വൈസറി കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി നഗരസഭ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) തീരുമാനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ സഹകരിക്കാത്ത വകുപ്പ് ഉദ്യോഗസ്ഥന്മാർക്കെതിരെ നഗരസഭ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ</u>

1539 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗര കാര്യവും ന്യൂനപക്ഷവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല മുനിസിപ്പാലിറ്റിയുടെ കീഴിൽ ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യരക്ഷയെ മുൻനിർത്തി പ്രവർത്തിച്ചിരുന്ന നാല് മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തുകൊണ്ടാണിത് സംഭവിച്ചത് എന്നു വ്യക്തമാക്കുമോ ;

(ബി) ചേർത്തലയുടെ വിവിധ മേഖലകളിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനങ്ങൾ ഇനി ഒരിക്കലും തുറന്നു പ്രവർത്തിപ്പിക്കരുതെന്നും പ്രസ്തുത സ്ഥാപനങ്ങൾക്കുവേണ്ടി സ്വകാര്യ വ്യക്തികൾ പോലും സർക്കാരിന് വിട്ടുകൊടുത്ത സ്ഥലവും കെട്ടിടങ്ങളും മറ്റ് ആവശ്യങ്ങൾക്കായി മാറ്റിവിനിയോഗിക്കുവാനും തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ സ്ഥാപനങ്ങൾ എത്രയുംവേഗം തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>നീലേശ്വരം നഗരസഭയിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം</u>

1540 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം നഗരസഭയിൽ ഒഴിവുള്ള തസ്തികകളിൽ എപ്പോൾ നിയമനം നടത്താൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത നഗരസഭയ്ക്ക് കെട്ടിട നിർമ്മാണത്തിനായി കൃഷിവകുപ്പ് അനുവദിച്ച 2 ഏക്കർ സ്ഥലത്ത് നഗരസഭാ കോംപ്ലക്സ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

വൈക്കം - തവണക്കടവ് ജംഗാർ സർവ്വീസ്

1541 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം - തവണക്കടവ് ജംഗാർ സർവ്വീസ് മുടങ്ങിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മുടങ്ങിയതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ജംഗാർ സർവ്വീസ് മുടങ്ങുന്നത് വൈക്കം മുനിസിപ്പാലിറ്റി വേണ്ട നടപടികൾ സ്വീകരിക്കാത്തതിനാലാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സർവ്വീസ് മുടക്കം വരാതെ നടത്തുന്നതിനായി ചേന്നം-പള്ളിപ്പുറം പഞ്ചായത്തിനെ ജംഗാർ സർവ്വീസ് നടത്തുന്നതിനായി ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

പയ്യന്നൂർ നഗരസഭയുടെ ഗ്രേഡ് ഉയർത്തൽ

1542 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭയുടെ ഗ്രേഡ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശത്തിൻമേൽ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഗ്രേഡ് ഉയർത്തി ഉത്തരവായിട്ടുണ്ടോ ; ഇല്ലെങ്കിൽ ഗ്രേഡ് ഉയർത്തുന്നതിനുള്ള നടപടി എത്രയും വേഗത്തിൽ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>വണ്ടിപ്പേട്ട നിവാസികളെ ഡി.റ്റി.പി. സ്കീമിൽ നിന്നും ഒഴിവാക്കാൻ നടപടി</u>

1543 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മുനിസിപ്പാലിറ്റിയിലെ വണ്ടിപ്പേട്ട ഡി.റ്റി.പി (ഡീറ്റെയിൽഡ് ടൂർ പ്ലാൻ) സ്കീമിൽ ഉൾപ്പെട്ട സ്ഥലമായതിനാൽ തദ്ദേശവാസികൾ കെട്ടിട നിർമ്മാണത്തിനും, റേഷൻകാർഡ്, വൈദ്യുതി, കുടിവെള്ളം എന്നിവയ്ക്കാവശ്യമായ രേഖകൾ നേടുന്നതിനും സാധിക്കാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്തെ ഡി.റ്റി.പി. സ്കീമിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് നഗരസഭ കൗൺസിൽ തീരുമാനമെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രദേശങ്ങളെ ഡി.റ്റി.പി. സ്കീമിൽ നിന്ന് ഒഴിവാക്കാൻ ഉത്തരവ് നൽകുമോ?

**കേരള നിയമസഭ**
**14.12.2012-ലെ മറുപടിക്ക്**

<u>സംസ്ഥാനത്തെ നഗരവികസന പദ്ധതികൾ</u>

1544 ശ്രീ. ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര വികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കോർപ്പറേഷനുകളുടേയും നഗരസഭകളുടേയും വികസന പ്രവർത്തനങ്ങൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ കോർപ്പറേഷനും നഗരസഭകളും എടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കെട്ടിടനികുതി നിരക്ക്</u>

1545 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടനികുതി നിരക്ക് നിലവിൽ വന്നത് എന്നാണ്;

(ബി) നിലവിലുള്ള നിരക്ക് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് കെട്ടിട നികുതി പരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>പൈതൃക സവിശേഷതകൾ നിലനിർത്തിക്കൊണ്ടുള്ള കെട്ടിടനിർമ്മാണ ശൈലി</u>

1546

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകത്ത് വിവിധ നഗരങ്ങളിൽ പൈതൃക സവിശേഷതകൾ നിലനിർത്തിക്കൊണ്ടുള്ള കെട്ടിടനിർമ്മാണ ശൈലി നടപ്പിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ വിവിധ പട്ടണങ്ങളുടെ സാംസ്കാരിക സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് കെട്ടിട മാതൃകകൾ അവലംബിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ;

(സി) സാംസ്കാരിക പൈതൃകങ്ങൾ പ്രതിഫലിക്കുന്ന വാസ്തുശില്പ ഭംഗിയിലൂടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്ന പദ്ധതി സർക്കാർ ആവിഷ്ക്കരിക്കുമോ ?

**കേരള നിയമസഭ**
**14.12.2012-ലെ മറുപടിക്ക്**

<u>അനധികൃത നിർമ്മാണം</u>

1547 ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് അനധികൃത നിർമ്മാണം മുഴുവൻ സാധൂകരിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) നഗരവികസനവും റോഡ് വികസനവും തടസ്സപ്പെടുത്തികൊണ്ട് നടത്തിയിട്ടുള്ള അനധികൃത നിർമ്മാണ കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിയമവിരുദ്ധ നിർമ്മാണം ചൂണ്ടിക്കാണിക്കപ്പെട്ടാൽ അവ നീക്കം ചെയ്യാൻ സമയബന്ധിതമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ നടപടി</u>

1548

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരസഭകളിലും കോർപ്പറേഷനുകളിലും ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച എത്ര കെട്ടിടങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(ബി) ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

ചട്ടങ്ങൾ ലംഘിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

1549 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇത്തരം കേസുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അക്കൗണ്ടന്റ്മാരെ നിയമിക്കുന്ന നടപടി

1550 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അക്കൗണ്ടന്റ്മാരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അക്കൗണ്ടന്റ്മാരെ നിയമിക്കുന്നതിന് സീനിയോറിറ്റി മാനദണ്ഡമാക്കുമോ ;

(സി) അക്കൗണ്ടന്റുമാരെ നിയമിക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ മുന്നിലുള്ള ഇ.യു/63212/12/എൽ.എസ്. ജി.ഡി. ഫയലിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**14.12.2012-ലെ മറുപടിക്ക്**

<u>അന്തർവകുപ്പ് സ്ഥലം മാറ്റം</u>

1551 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിവിധ വകുപ്പുകൾക്കായി തയ്യാറാക്കിയ എൽ.ഡി. ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും മുനിസിപ്പാലിറ്റിയിൽ നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥിക്ക് മറ്റ് വകുപ്പുകളിലേക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിക്കുവാൻ നിലവിൽ തടസ്സം ഉണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർ</u>

1552 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും കുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ കണ്ടിജന്റ് വിഭാഗം താത്കാലിക ജീവനക്കാരുടെ പ്രയാസങ്ങൾ സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) കൽപ്പറ്റ നഗരസഭയിൽ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് നഗരസഭാ കൗൺസിലിന്റെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ജില്ല ആസ്ഥാനമെന്ന നിലയിൽ കൽപ്പറ്റ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>മുനിസിപ്പാലിറ്റിയിലെ ജീവനക്കാരുടെ ശമ്പളം</u>

1553 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പൽ ഡിസ്പെൻസറിയിലെ അറ്റൻഡർ ശ്രീമതി ഷിൽഗ സാബുവിന് രണ്ട് വർഷമായി എൻ.ആർ.എച്ച്. എം. ദിവസവേതനം ലഭിക്കാത്തതു സംബന്ധിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തുകളിലെ എൻ.ആർ.എച്ച്. എം ജീവനക്കാർക്ക് അനുവദിച്ചതു പോലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ പ്രവർത്തിച്ചു വരുന്ന എൻ.ആർ. എച്ച്.എം. ജീവനക്കാർക്കും ശമ്പള കുടിശ്ശികയും, ശമ്പള വർദ്ധനവും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമവകുപ്പ് രൂപവത്ക്കരണം</u>

1554 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമവകുപ്പ് രൂപവത്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ന്യൂനപക്ഷസമൂഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് വകുപ്പിനെ എപ്രകാരം സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന/ജില്ലാതല ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുക?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവര്‍ത്തനം</u>

1555 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പിന് കീഴില്‍ തുടങ്ങുന്ന പദ്ധതികളും, സ്ഥാപനങ്ങളും സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങള്‍ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ</u>

1556 ശ്രീ. കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരിശീലന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് എവിടെയെല്ലാം ഇത്തരം പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ</u>

1557 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ പ്രൊമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ വകുപ്പ്</u>

1558 ശ്രീ. തോമസ് ഉണ്ണിയാടൻ
" സി. എഫ്. തോമസ്
" ടി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിൻ കീഴിൽ നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഇതിന്റെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) കഴിഞ്ഞ രണ്ട് വർഷക്കാലം ന്യൂനപക്ഷക്ഷേമത്തിനായി കേന്ദ്രം നൽകിയ ഗ്രാന്റ് എത്രയെന്നും; ഏതൊക്കെ പദ്ധതിയിൽ അവ വിനിയോഗിച്ചെന്നും വ്യക്തമാക്കുമോ;

(ഡി) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ക്ഷേമത്തിനുള്ള പുതിയ പദ്ധതികൾ</u>

1559 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ ക്ഷേമത്തിനായി ഏതെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾ മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>മുസ്ലീം പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ്</u>

1560 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലൊളികമ്മീഷൻ റിപ്പോർട്ടിലെ ശുപാർശയനുസരിച്ച് മുസ്ലീം പെൺകുട്ടികൾക്കായി സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതലാണ് സ്കോളർഷിപ്പ് നൽകി തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(സി) സ്കോളർഷിപ്പ് പദ്ധതിക്ക് പ്രത്യേക പേര് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പേര് നൽകാനുണ്ടായകാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>സച്ചാർ കമ്മീഷൻ റിപ്പോർട്ട്</u>

1561 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകളനുസരിച്ച് മുസ്ലീങ്ങൾക്ക് മാത്രമായി സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി കേന്ദ്ര സർക്കാരിൽനിന്ന് ഇതുവരെ എന്ത് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ഐ. ടി. ഐ കൾ</u>

1562 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ന്യൂനപക്ഷ ഐ. ടി. ഐ. കൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുളളത്;

(ബി) ഇതിനായി നോഡൽ ഓഫീസർമാരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഐ. ടി. ഐ. കൾ ഉറുദു മീഡിയത്തിലാണോ ആരംഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ</u>

1563 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റിലും മതന്യൂനപക്ഷങ്ങളുടെ ലിസ്റ്റിലുംപെട്ടിട്ടുള്ള സമുദായങ്ങൾക്ക് ഈ രണ്ടു വിഭാഗങ്ങൾക്കും അനുവദിച്ചിട്ടുള്ള ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നതിന് തടസ്സമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ വിശദമായ ഒരു മാർഗ്ഗരേഖയ്ക്ക് രൂപം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>താനൂർ ആസ്ഥാനമാക്കി മൈനോറിറ്റി കോച്ചിംഗ് സെന്റർ</u>

1564

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തിങ്ങിത്താമസിക്കുന്ന പ്രദേശമാണ് താനൂർ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 4000 ത്തിലധികം വിദ്യാർത്ഥികൾ ഹയർ സെക്കന്ററി പരീക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്ന ഇവിടെ ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും പെൺകുട്ടികളായതിനാൽ താനൂർ ആസ്ഥാനമായി ഒരു മൈനോറിറ്റി കോച്ചിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ

1565 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസ്സ അധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനകം എത്രപേർ ക്ഷേമനിധിയിൽ അംഗങ്ങളായി; എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതുവഴി നൽകുന്നതെന്നും വിശദമാക്കുമോ ?